REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 24-05-2025** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- **ഭീകരതയ്ക്കെതിരായ ഇന്ത്യൻ നിലപാട് ലോകത്തെ അറിയിക്കാൻ നിയോഗിച്ച സർവ്വകക്ഷിസംഘങ്ങൾ ഇന്നലെ UAE, ജപ്പാൻ, റഷ്യ എന്നീ രാജ്യങ്ങൾ സന്ദർശിച്ചു.**
- **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ നീതി ആയോഗിന്റെ പത്താം ഭരണസമിതി യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും.**
- **സംസ്ഥാനത്ത് കനത്ത മഴ തുടരുന്നു. കാസർകോട്, കണ്ണൂർ ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത.**
- **കോടതികളിൽ വർഷങ്ങളായി കേസുകൾ കെട്ടിക്കിടക്കുന്ന അവസ്ഥയ്ക്ക് മാറ്റം വരണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.**
- **രാസ ലഹരിയെ സംസ്ഥാനത്ത് നിന്ന് സമ്പൂർണ്ണമായി നിർമാർജ്ജനം ചെയ്യുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് മന്ത്രി V അബ്ദുറഹ്മാൻ.**

## വാർത്തകൾ വിശദമായി

ഭീകരതയ്ക്കെതിരായ ഇന്ത്യൻ നിലപാട് ലോകത്തെ അറിയിക്കാൻ നിയോഗിച്ച സർവ്വകക്ഷിസംഘങ്ങൾ ഇന്നലെ UAE, ജപ്പാൻ, റഷ്യ എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. സഞ്ജയ് ഝാ നേതൃത്വം നൽകുന്ന സംഘം ടോക്കിയോയിൽ ലിബറൽ ഡെമോക്രാറ്റിക് പാർട്ടിയുടെ ഭീകരവിരുദ്ധ ഗവേഷണ സമിതി

ആക്ടിംഗ് ചെയർപേഴ്സണും മുൻ മന്ത്രിയുമായ യാസുഹിരോ ഹനാഷിയുമായി കൂടിക്കാഴ്ച നടത്തി.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

ഏതുതരം ഭീകരവാദത്തെയും ശക്തമായി നേരിടുമെന്ന ഇന്ത്യയുടെ ഉറച്ച നിലപാട് സഞ്ജയ് ഝാ കൂടിക്കാഴ്ചയിൽ അറിയിച്ചു. ഭീകരപ്രവർത്തനങ്ങളെ സൈനിക നടപടിയിലൂടെ നേരിടുമെന്നും, ആണവ ബ്ലാക്മെയിലിംഗിന് വഴങ്ങില്ലെന്നും ഝാ വ്യക്തമാക്കി. നിരവധി മുതിർന്ന നേതാക്കളുമായും, ബ്രസീൽ, ഓസ്ട്രേലിയ, കൊളംബോ, ഗ്രീസ്, ദക്ഷിണ കൊറിയ സ്ഥാനപതിമാരുമായും, മുതിർന്ന നയതന്ത്ര ഉദ്യോഗസ്ഥരുമായും സംഘം ടോക്കിയോയിൽ ചർച്ച നടത്തി. ലോകത്ത് എവിടെയുമുണ്ടാകുന്ന ഭീകര പ്രവർത്തനങ്ങൾക്ക് പാകിസ്ഥാനുമായി ബന്ധമുണ്ടായിരിക്കുമെന്നും സഞ്ജയ് ഝാ പറഞ്ഞു.

ഡോ. ശ്രീകാന്ത് ഷിൻഡെ നേതൃത്വം നൽകുന്ന സംഘം UAE ഭരണ നേതൃത്വവുമായും, മാധ്യമ ഉദ്യോഗസ്ഥരുമായും കൂടിക്കാഴ്ച നടത്തി ഇന്ത്യയുടെ ഭീകര വിരുദ്ധ നിലപാട് ധരിപ്പിച്ചു. പാകിസ്ഥാന്റെ യഥാർത്ഥ മുഖം ലോകത്തിന് കാട്ടിക്കൊടുക്കേണ്ടത് പ്രധാന നടപടിയാണെന്ന് ഷിൻഡെ പറഞ്ഞു.

കനിമൊഴി കരുണാനിധിയുടെ നേതൃത്വത്തിൽ റഷ്യയിലെത്തിയ സംഘം വിദേശകാര്യ സമിതിയുടെ ഫസ്റ്റ് ഡെപ്യൂട്ടി ചെയർമാൻ ആൻഡ്രി ഡെനിസോവുമായി ചർച്ച നടത്തി. പഹൽഗാം ഭീകരാക്രമണത്തെ നിശിതമായി അപലപിച്ച റഷ്യ, ഭീകര വിരുദ്ധ പോരാട്ടത്തിൽ ഇന്ത്യക്കൊപ്പം ഉറച്ചു നിൽക്കുമെന്ന് വ്യക്തമാക്കി.

✪✪✪

ഓപ്പറേഷൻ സിന്ദൂറിന്റെ വിശദാംശങ്ങൾ ലോകത്തെ ധരിപ്പിക്കാൻ രൂപീകരിച്ച നാല് സർവ്വകക്ഷി സംഘങ്ങളുമായി വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. കോൺഗ്രസ് നേതാവ് ഡോ. ശശി തരൂർ, BJP യുടെ രവിശങ്കർ പ്രസാദ്, NCP - SP നേതാവ് സുപ്രിയ സുലെ, BJP നേതാവ് ബൈജയന്ത് പാണ്ഡ എന്നിവർ നേതൃത്വം നൽകുന്ന സംഘങ്ങളെ ഇന്ത്യൻ നിലപാടും മറ്റു വിശദാംശങ്ങളും മിസ്രി ധരിപ്പിച്ചു. 1989 മുതൽ അതിർത്തിക്കപ്പുറത്തു നിന്നുണ്ടാകുന്ന ഭീകര പ്രവർത്തനങ്ങളെപ്പറ്റി ലോകത്തെ ബോധ്യപ്പെടുത്തുമെന്ന് ഡോ. ശശി തരൂർ ബ്രീഫിംഗിനു ശേഷം മാധ്യമങ്ങളെ അറിയിച്ചു. ഇപ്പോഴത്തെ ഭീകരാക്രമണ സാഹചര്യവും, ഭാവിയിൽ ഇത്തരം ആക്രമണങ്ങളെ ഇന്ത്യ നേരിടുന്ന രീതിയും ലോകരാജ്യങ്ങളെ ധരിപ്പിക്കുമെന്ന് ഡോ. തരൂർ പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ നിതി ആയോഗിന്റെ പത്താം ഭരണസമിതി യോഗം  ഇന്ന് ന്യൂഡൽഹിയിൽ ചേരും. 2047-ലെ വികസിത ഭാരതത്തിന് വികസിത സംസ്ഥാനങ്ങൾ എന്നതാണ് ഈ വർഷത്തെ പ്രമേയം. സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും മുഖ്യമന്ത്രിമാരും ലെഫ്റ്റനന്റ് ഗവർണർമാരും നിതി ആയോഗ് വൈസ് ചെയർമാൻ, അംഗങ്ങൾ, CEO എന്നിവരും യോഗത്തിൽ പങ്കെടുക്കും. വികസിത രാഷ്ട്ര സൃഷ്ടിയിൽ സംസ്ഥാനങ്ങളുടെ പങ്ക്, നേരിടുന്ന വെല്ലുവിളികൾ തുടങ്ങിയവ യോഗത്തിൽ ചർച്ചയാകും.

✪✪✪

കേന്ദ്ര സായുധ സേനാ വിഭാഗങ്ങളിലെ കേഡർ റിവ്യൂ ആറ് മാസത്തിനകം പൂർത്തീകരിക്കാൻ സുപ്രീം കോടതി നിർദ്ദേശം നൽകി. 2021 ൽ നടത്തേണ്ടിയിരുന്ന കേഡർ റിവ്യൂ അനിശ്ചിതമായി വൈകിയതിനെ തുടർന്നാണ് നടപടി.  ആഭ്യന്തര മന്ത്രാലയത്തിൽ നിന്ന് റിവ്യൂ സംബന്ധിച്ച വിവരങ്ങൾ ലഭിച്ച് മൂന്ന് മാസത്തിനകം അനന്തര നടപടികൾ സ്വീകരിക്കാൻ കേന്ദ്ര പേഴ്സണേൽ വകുപ്പിനും ഡിവിഷൻ ബെഞ്ച് നിർദ്ദേശം നൽകി.

✪✪✪

കേന്ദ്ര സെക്രട്ടേറിയറ്റിൽ 1,736 ഫീൽഡ് അസിസ്റ്റന്റ് ഒഴിവുകളുണ്ടെന്ന തരത്തിൽ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന സന്ദേശം വ്യാജമാണെന്ന് അധികൃതർ അറിയിച്ചു. നിലവിൽ ഈ തസ്തികയിലേക്ക് ഒഴിവുകൾ വിജ്ഞാപനം ചെയ്തിട്ടില്ലെന്നും എഴുത്തുപരീക്ഷയും അഡ്മിറ്റ് കാർഡുകളും വ്യാജമാണെന്നും സെക്രട്ടേറിയറ്റ് വ്യക്തമാക്കി.

✪✪✪

വോട്ടർമാർക്ക് വോട്ടിങ് കേന്ദ്രങ്ങൾക്ക് പുറത്ത് മൊബൈൽഫോൺ സൂക്ഷിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ സംവിധാനമൊരുക്കി. വോട്ടർമാർക്ക് ബൂത്തുകളിൽ മികച്ച സൗകര്യങ്ങളൊരുക്കുന്ന നടപടിയുടെ ഭാഗമായാണ് തീരുമാനം.

✪✪✪

പുകയിലയുടെയും, ലഹരി വസ്തുക്കളുടെയും  ഉപയോഗത്തിനെതിരെ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ദേശീയ പുകയില വിരുദ്ധ യജ്ഞം സംഘടിപ്പിക്കും. ലോക പുകയില വിരുദ്ധ ദിനമായ ഈ മാസം 31ന് ആരംഭിച്ച് അടുത്ത മാസം 26 വരെയാണ് യജ്ഞം തുടരും. വിദ്യാഭ്യാസ സ്ഥാപനങ്ങളെയും പരിസരങ്ങളെയും  പുകയില, മദ്യം, മയക്കുമരുന്ന് എന്നിവയിൽ നിന്നും

മുക്തമാക്കുന്നതിന് നിയമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി നടപ്പാക്കാൻ എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും മന്ത്രാലയം നിർദേശം നൽകി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻ കി ബാത് നാളെ രാവിലെ 11-ന് ആകാശവാണിയിലും ദൂരദർശനിലും. പരിപാടിയുടെ 122 -ാം പതിപ്പാണിത്. പ്രധാനമന്ത്രിയുടെ ഓഫീസിന്റെയും വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെയും യു - ട്യൂബ് ചാനലുകളിലും, News on Air ആപ്പിലും ഉൾപ്പെടെ പരിപാടി തത്സമയം കേൾക്കാം. പ്രധാനമന്ത്രിയുടെ ഹിന്ദി പ്രഭാഷണത്തിനു ശേഷം കേരളത്തിലെ ആകാശവാണി നിലയങ്ങൾ മലയാള പരിഭാഷയും പ്രക്ഷേപണം ചെയ്യും.

✪✪✪

സംസ്ഥാനത്ത് കനത്ത മഴ തുടരുന്നു. മിക്ക ജില്ലകളിലും മലയോരപ്രദേശങ്ങളിലും രാത്രി ശക്തമായി മഴ പെയ്തു. പലയിടത്തും മരങ്ങൾ കടപുഴകി വൈദ്യുതിബന്ധവും ഗതാഗതവും തടസ്സപ്പെട്ടു. ഇന്നും സംസ്ഥാന വ്യാപകമായി മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

....(വോയ്സ്)....

അതിതീവ്ര മഴ സാധ്യത കണക്കിലെടുത്ത് കാസർകോട്, കണ്ണൂർ ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രതാ നിർദേശം നൽകി. വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ, എറണാകുളം, ഇടുക്കി, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. ആലപ്പുഴയിലും കൊല്ലത്തും തിരുവനന്തപുരത്തും മഞ്ഞ ജാഗ്രതയും നൽകി. കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിൽ രാത്രിയിൽ കനത്തമഴയുണ്ടായ പശ്ചാത്തലത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ജാഗ്രതാ നിർദേശം നൽകി.

നാളെ അഞ്ച് ജില്ലകളിലും തിങ്കളാഴ്ച ഏഴ് ജില്ലകളിലും അതിതീവ്ര മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് കേന്ദ്ര കാലാവസ്ഥ വകുപ്പ് ചുവപ്പ് ജാഗ്രതാനിർദേശം നൽകിയിട്ടുണ്ട്. വരുംദിവസങ്ങളിൽ കാലവർഷം ശക്തമാകുമെന്നാണ് വിലയിരുത്തുന്നത്.

കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ കടലാക്രമണത്തിനും ശക്തമായ കാറ്റിനും സാധ്യതയുണ്ട്. മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പ് നൽകി.

✪✪✪

കോടതികളിൽ വർഷങ്ങളായി കേസുകൾ കെട്ടിക്കിടക്കുന്ന അവസ്ഥയ്ക്ക് മാറ്റം വരണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു. ഇക്കാര്യത്തിൽ ശാശ്വത പരിഹാരം കാണുന്നതിന് നീതിന്യായ വ്യവസ്ഥയുടെ ഭാഗമായവർ ശ്രമിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. എറണാകുളം ഗവ. ലോ കോളേജിന്റെ 150ാം വാർഷികാഘോഷ സമാപന ചടങ്ങിൽ സംസാരിക്കുകയായിരുന്നു ഗവർണർ. വിദ്യാർത്ഥികൾക്ക് പ്രവൃത്തി പരിചയത്തിന് അവസരം ഒരുക്കാൻ നിയമ പാഠ്യപദ്ധതിയിൽ ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരണമെന്നും ഗവർണർ നിർദ്ദേശിച്ചു.

✪✪✪

രാസ ലഹരിയെ സംസ്ഥാനത്ത് നിന്ന് സമ്പൂർണ്ണമായി നിർമാർജ്ജനം ചെയ്യുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് മന്ത്രി V അബ്ദുറഹ്മാൻ പറഞ്ഞു. സംസ്ഥാന കായിക വകുപ്പിന്റെ ലഹരി വിരുദ്ധ സന്ദേശയാത്രയുടെ ഭാഗമായി കൊച്ചിയിൽ സംഘടിപ്പിച്ച മുഖാമുഖം പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കായിക മേഖലയുടെ വികസനത്തിനായി സംസ്ഥാനത്ത് 356 സ്റ്റേഡിയങ്ങളും, 100 ലേറെ കളിക്കളങ്ങളും നിർമ്മിക്കാൻ കഴിഞ്ഞെന്ന് മന്ത്രി പറഞ്ഞു. കണ്ണൂരിൽ അത്യാനുധിക സംവിധാനങ്ങളോടെ യോഗ സെന്റർ നിർമിക്കാൻ സ്ഥലമെടുപ്പ് പൂർത്തിയായി. ജില്ലാ പഞ്ചായത്ത് മുഖേന ക്ലസ്റ്റർ അടിസ്ഥാനത്തിൽ മൂന്നു സ്കൂളുകളിൽ ഒരാൾ എന്ന ക്രമത്തിൽ യോഗ പരിശീലകരെ നിയമിക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

IPL ക്രിക്കറ്റിൽ സൺ റൈസേഴ്സ് ഹൈദരാബാദ്, റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ 42 റൺസിന് തോൽപ്പിച്ചു.

ഇന്ന് പഞ്ചാബ് കിംഗ്സ്, ഡൽഹി ക്യാപിറ്റൽസിനെ ജെയ്പൂരിൽ നേരിടും. സവായ് മാൻസിംഗ് സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം. ഇരു ടീമുകളും നേരത്തെ തന്നെ പ്ലേ ഓഫിൽ നിന്ന് പുറത്തായിരുന്നു.

✪✪✪

പോളണ്ടിൽ യാനുസ് കുസോഷിൻകി സ്മാരക മീറ്റിൽ ഇന്ത്യൻ ജാവലിൻ താരം നീരജ് ചോപ്രയ്ക്ക് വെള്ളി. അവസാനശ്രമത്തിൽ 84.14 മീറ്റർ എറിഞ്ഞാണ് മെഡൽ നേടിയത്. ജർമനിയുടെ ജൂലിയൻ വെബറിനാണ് സ്വർണം.

✪✪✪

മലേഷ്യ മാസ്റ്റേഴ്സ് ബാഡ്മിന്റൺ ടൂർണമെന്റ് പുരുഷ സിംഗിൾസ് സെമി ഫൈനലിൽ ഇന്ത്യൻ താരം കിഡംബി ശ്രീകാന്ത്, ഇന്ന് ജപ്പാന്റെ യുഷി തനാകയെ നേരിടും. രാവിലെ പത്തേകാലിനാണ് മത്സരം.

✪✪✪

കോഴിക്കോട് പേരാമ്പ്ര പെരുവണ്ണാമുഴി വനം റേഞ്ചിലെ മുതുകാട് ആരംഭിക്കുന്ന ബയോളജിക്കൽ പാർക്കിന്റെ ആദ്യഘട്ട പ്രവൃത്തികൾ ഉടൻ തുടങ്ങാൻ മന്ത്രി A.K ശശീന്ദ്രന്റെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല സമിതി യോഗം തീരുമാനിച്ചു. പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾ രണ്ടു ഘട്ടങ്ങളിലായി പൂർത്തിയാക്കും. പതിനഞ്ചര കോടി രൂപയാണ് പാർക്കിന് ചെലവ് കണക്കാക്കുന്നത്.

✪✪✪

തീപിടുത്തത്തെ തുടർന്ന് അടച്ചിട്ട കോഴിക്കോട് മൊഫ്യൂസൽ ബസ്സ് സ്റ്റാൻഡ് കെട്ടിടത്തിലെ കടമുറികൾ അടുത്ത തിങ്കളാഴ്ച മുതൽ തുറന്നു പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചു. ഇതിനായി കോർപ്പറേഷന്റെ ഭാഗത്തുനിന്ന് എല്ലാ സഹായവും മേയർ കച്ചവടക്കാർക്ക് ഉറപ്പു നൽകി.

തീപിടിത്തത്തിൽ കെട്ടിടത്തിലെ വൈദ്യുതി വിതരണ ശൃംഖല പൂർണമായി തകരാറിലായിട്ടുണ്ടെന്ന് KSEB യും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും അറിയിച്ചു. കേബിളുകളും പാനൽ ബോർഡുകളും മുഴുവനായി മാറ്റി സ്ഥാപിക്കണം. ഇതിന്റെ പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കാൻ നടപടിയെടുക്കും.

പ്രവൃത്തികൾ നടക്കുമ്പോൾ അതിനെ ബാധിക്കാത്ത തരത്തിൽ ജനറേറ്റർ ഉപയോഗിക്കാൻ കടകൾക്ക് അനുമതി നൽകുമെന്ന് പൊലീസ് അറിയിച്ചു.

✪✪✪

തീപിടുത്തത്തെ തുടർന്ന് അടച്ചിട്ട കോഴിക്കോട് മൊഫ്യൂസൽ ബസ്സ് സ്റ്റാൻഡ് കെട്ടിടത്തിലെ കടമുറികൾ അടുത്ത തിങ്കളാഴ്ച മുതൽ തുറന്നു പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചു. ഇതിനായി കോർപ്പറേഷന്റെ ഭാഗത്തുനിന്ന് എല്ലാ സഹായവും മേയർ കച്ചവടക്കാർക്ക് ഉറപ്പു നൽകി.

തീപിടിത്തത്തിൽ കെട്ടിടത്തിലെ വൈദ്യുതി വിതരണ ശൃംഖല പൂർണമായി തകരാറിലായിട്ടുണ്ടെന്ന് KSEB യും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും അറിയിച്ചു. കേബിളുകളും പാനൽ ബോർഡുകളും മുഴുവനായി മാറ്റി

സ്ഥാപിക്കണം. ഇതിന്റെ പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കാൻ നടപടിയെടുക്കും.

പ്രവൃത്തികൾ നടക്കുമ്പോൾ അതിനെ ബാധിക്കാത്ത തരത്തിൽ ജനറേറ്റർ ഉപയോഗിക്കാൻ കടകൾക്ക് അനുമതി നൽകുമെന്ന് പൊലീസ് അറിയിച്ചു.

✪✪✪

സ്ത്രീകൾ ലോകത്തെയും ജീവിതത്തെയും എങ്ങനെ കാണുന്നുവെന്ന് മനസ്സിലാക്കാൻ വനിതാ ചലച്ചിത്രമേള ഉപകരിക്കുമെന്ന് മന്ത്രി KN ബാലഗോപാൽ അഭിപ്രായപ്പെട്ടു. സംസ്ഥാന ചലച്ചിത്ര അക്കാദമി കൊട്ടാരക്കരയിൽ സംഘടിപ്പിക്കുന്ന ആറാമത് വനിതാ ചലച്ചിത്രമേള ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കൊട്ടാരക്കരയിൽ സിനി കോംപ്ലക്സ് സ്ഥാപിക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജിന് അപേക്ഷ നൽകിയവരിൽ 18 പേർക്ക് കൂടി തീർത്ഥാടനത്തിന് അവസരം ലഭിച്ചു. മറ്റു സംസ്ഥാനങ്ങളിലെ പട്ടികയിലുൾപ്പെട്ടവർ യാത്ര റദ്ദാക്കിയതിനെത്തുടർന്നാണ് അവസരം.

ക്രമ നമ്പർ 3,911 ന് വരെ കൊച്ചി വിമാനത്താവളം വഴി യാത്ര ചെയ്യാൻ അവസരം ലഭിക്കും. പുതുതായി അവസരം ലഭിച്ചവർ എത്രയും വേഗം കൊച്ചിൻ എംബാർക്കേഷൻ അടിസ്ഥാനത്തിൽ മൊത്തം തുക അടയ്ക്കണം.

✪✪✪

ദേശീയപാതയിൽ മലപ്പുറം കൂരിയാടിന് സമീപം മണ്ണിടിച്ചിലുണ്ടായ സ്ഥലം പൊതുജനങ്ങൾ സന്ദർശിക്കുന്നത് ഒഴിവാക്കണമെന്ന് കലക്ടർ V R വിനോദ് ആവശ്യപ്പെട്ടു. ഒരു ഭാഗം അടർന്നു നിൽക്കുന്ന റോഡ്, വീണ്ടും ഇടിയാൻ സാധ്യതയുണ്ടെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

✪✪✪

---

***News Reader: അനിൽ ചന്ദ്രൻ***
***News Team: ഹസ്ന ഫാത്തിമ, ഹബീബ് റഹ്മാൻ***
***DEO : ഷീബ***